# WEEK - 5

# WEEKLY DEVOTION –JULY 2017

## Joined force of Five Kings

## ഒരുമിച്ചുകൂടിയഅഞ്ച്‌രാജാക്കൻമാർ



ഒരിക്കൽ വിജയശ്രീലാളിതരായതന്റെസേനാംഗങ്ങളുമായിസേനാപതിസ്വന്തം നാടായഇറ്റലിയിലേക്ക്മടങ്ങുകയായിരുന്നു. വളരെദൂരംതാണ്ടി ആൽപ്സ് പർവ്വതനിരകൾക്ക്സമീപം അവർഎത്തി. കൊടുകാറ്റുംമൂടൽമഞ്ഞുംഇവരുടെവഴിക്ക് തടസ്സമായി . വഴിയിലെ പ്രതികൂലങ്ങൾ അവരെതളർത്തിയത്ദുരീകരിക്കുവാൻ മഹാനായസേനാപതി അവരോട്സംസാരിച്ചു. പർവ്വതത്തിന്റെമറുപുറത്തുള്ളസ്വന്തം നാടിന്റെ ഭംഗിഅദ്ദേഹംവർണ്ണിച്ചത് കേട്ടപ്പോൾ പടയാളികൾ ഉത്സാഹികളായി. ഒന്നിച്ചുകൂടിയവരോടുള്ള അദ്ദേഹത്തിന്റെവാക്കുകളാണ് അവരുടെധൈര്യത്തിന് പ്രചോദനമായത്. തുടർന്ന്അവർസന്തോഷത്തോടെയാത്ര തുടർന്ന്സ്വന്തം നാട്ടിലെത്തി.

അഞ്ച്അമോർയ്യരാജാക്കൻമാർ ഒന്നിച്ചുകൂടിഎന്ന്യോശുവ (10:5)ൽ കാണുന്നു. യോശുവയേയുംയിസ്രായേൽ ജനത്തേയും അവർ ഭയപ്പെട്ടതിനാൽ അവരോട്സഖ്യതചെയ്തഗിബെയോന്യരെയുംഅവർ ഭയപ്പെട്ടു. ഒന്നിച്ചുകൂടിയവർയിസ്രായേൽ ജനത്തെ ഭയപ്പെട്ടത് ദൈവമായയഹോവ അവരോട് കൂടെയുള്ളതിനാലാണ്. ഒന്നിച്ചുകൂടിയരാജാക്കൻമാരുടെ ആലോചനയാണ്ഗിബെയോന്യരോടുള്ള യുദ്ധത്തിന്റെതീരുമാനം. യഹോവഅമോർയ്യരെവെറുത്തതിനാൽ അവരുടെകൂടെ യഹോവ ഇല്ലായിരുന്നു. യഹോവകൂടെയില്ലാത്തവർക്ക് തങ്ങളുടെ പ്രവർത്തികൾ തെറ്റോശരിയോ എന്ന് മനസ്സിലാക്കുവാനും കഴിയുകയില്ല.

ഗിബെയോന്യർയോശുവയുടെഅടുക്കൽ സഖ്യതയ്ക്ക്വന്നതുംദുരാലോചനയുടെ അനന്തരഫലമാണ്. അവർഒന്നിച്ചുകൂടിഎടുത്ത തീരുമാനം ദൈവജനത്തെ ചതിക്കുന്നതായിരുന്നു. യോശു:9:3) .യഹോവയോട്ആലോചന ചോദിക്കാതെ ചതിയൻമാരുടെ വാക്കുകൾവിശ്വസിച്ച് ഭക്ഷണസാധനങ്ങൾ കഴിക്കുകയുംചെയ്തു. യോശുവ അവരോട്സഖ്യതചെയ്തു. ജീവനോടെഅവരെസംരക്ഷിക്കുമെന്ന്യഹോവയുടെ നാമത്തിൽ പ്രഭുക്കൻമാരെക്കൊണ്ടും സത്യംചെയ്യിച്ചു. ഇത്ചതിയെന്ന് മനസ്സിലാക്കി

യത്മൂന്നുദിവസംകഴിഞ്ഞാണ്. ഗിബെയോന്യർഒന്നിച്ചുകൂടിദൈവമക്കളെചതിക്കുവാനെടുത്ത തീരുമാനം മൂലംഅവരും അവരുടെതലമുറകളും ശപിക്കപ്പെട്ടവരായിഇന്നുവരെയുംഇരിക്കുന്നു. (യോശുവ 9:23,27)

മറ്റൊരുകൂട്ടർ ഒന്നിച്ചുകൂടിയത്യേശുക്രിസ്തുവിന്റെ നിർദ്ദേശപ്രകാരംയെറുശലേമിലായിരുന്നു. (അപ്പോ:1:15). ഭൂമിയുടെഅറ്റത്തോളം ക്രിസ്തുവിന്റെസാക്ഷികളാകുക എന്ന കല്പന അനുസരിപ്പാനാണ് പരിശുദ്ധാത്മ നിറവ്അവർ ആഗ്രഹിച്ചതുംഒന്നിച്ചുകൂടിയതും. ഒന്നിച്ചുകൂടിയ 120 പേർ മാളികമുറി അവരുടെ പ്രാർത്ഥനാമുറിയാക്കി. ഒരുമനപ്പെട്ട് പ്രാർത്ഥിക്കുംമുമ്പ് അവർചിലകുറവുകൾ നികത്തേണ്ടത് കണ്ടെത്തി നികത്തി. കുറവുകൾ പരിഹരിക്കുന്നിടത്തേ പരിശുദ്ധാത്മാവ് ക്രീയചെയ്യുകയുള്ളൂ. ക്രിസ്തുവിനോടൊപ്പംകുറെദൂരംയൂദയാത്ര ചെയ്തിട്ടുംചതിയന്റെകുപ്പായംവീണ്ടുംഅണിഞ്ഞവൻ ഗുരുവിനെ ചതിച്ചതിന്റെ അനന്തരഫലവുംഅവന്റെഅന്ത്യവും പരസ്യമായി പറഞ്ഞ് ആ ഒഴിവ് ശിഷ്യൻമാർ നികത്തി (അപ്പോ1:17-19).മരത്തിൻമേൽ തൂങ്ങിയവൻ ശപിക്കപ്പെട്ടവൻ. ചതിയന്റെഅന്ത്യം ഈ വിധത്തിലായപ്പോൾഒന്നിച്ചുകൂടിഒരുമനപ്പെട്ട് പ്രാർത്ഥിച്ചവർ പരിശുദ്ധാത്മാവിനെ പ്രാപിച്ചു.

ദുരാലോചനയ്ക്കായിഒന്നിച്ചുകൂടിയഅഞ്ച്രാജാക്കൻമാരെയുംഅവരോടൊപ്പമുള്ളഅമോർയ്യസൈന്യത്തെയും നശിപ്പിച്ച്തന്റെ ജനത്തെ യഹോവരക്ഷിച്ചു. യഹോവതന്നെയായിരുന്നുയിസ്രായേലിനു വേണ്ടി യുദ്ധം ചെയ്തത്.

യിസ്രായേൽമക്കൾവാൾകൊണ്ട്കൊന്നവരേക്കാൾകൂടുതൽപേർ യഹോവഅയച്ച കൽ മഴയാൽകൊല്ലപ്പെട്ടു. സൂര്യചന്ദ്രൻമാർ മനുഷ്യന്റെ (യോശുവയുടെ ആജ്ഞ) ആജ്ഞ കേട്ടനുസരിച്ച ഒരുദിവസം പിന്നെ ഉണ്ടായിട്ടില്ല. ഗുഹയിൽ ഭയന്നൊളിച്ച അഞ്ച്രാജാക്കൻമാരേയും പട്ടാള അധിപൻമാർ പുറത്തുകൊണ്ടുവന്ന്കഴുത്തിൽകാൽവച്ചുയോശുവഅവരെവെട്ടിക്കൊന്ന്അഞ്ച് മരത്തിൽതൂക്കി.

യോശു:(10:25-27)

പ്രീയരേ ! നാം ഒന്നിച്ചുകൂടുന്നത് ആരെയുംചതിക്കുവാനോ നശിപ്പിക്കുവാനോ ഉള്ള ദുരാലോചനയ്ക്കാകരുത്. കുറവുകൾ ഏറ്റുപറഞ്ഞ്ഒരുമനപ്പെട്ട് ഒരുവൻ മറ്റൊരുവനു വേണ്ടി പ്രാർത്ഥിക്കണം. വാഗ്ദത്തം പ്രാപിക്കാനായി ദൈവമുമ്പാകെ ഇരിക്കുന്നവരെദൈവം അനുഗ്രഹിക്കും. പ്രാർത്ഥിച്ച്ശക്തിപ്രാപിച്ച് ഇമ്മാനുവേലിന്റെസൈനികരായി പാപലോകത്തോട്എതിർത്തുനില്പാനും , കീഴ്പ്പെടുത്തുവാനും ശക്തരാകുക.

## പ്രാർത്ഥന

പ്രീയയേശുവേ ! അങ്ങയുടെവാഗ്ദത്തത്തിനായിസ്തോത്രം. ദുഷ്ടരോട് പോരാടിവിജയം പ്രാപിച്ച് നിത്യതയിൽവിജയംഅംഗീകരിക്കപ്പെടുന്നവരായിത്തീരുവാൻ പരിശുദ്ധാത്മാവിനെ ഞങ്ങൾക്ക്തരേണമേ. യേശുവിൻ നാമത്തിൽതന്നെ ആമേൻ.

**Santhamma Varghese**

Website: www.biblestudy.co.in
Email: biblestudy.co.in@gmail.com
Facebook: https://www.facebook.com/biblestudyind